# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1529

11.2.2013-ൽ മറുപടിക്ക്

## പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ആവശ്യമുള്ള പാലിന്റെ മുഖ്യപങ്കം അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന സാഹചര്യത്തിൽ പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

(എ) ക്ഷീരവികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ വിശദവിവരങ്ങൾ ഉൾപ്പെടെ ചുവടെ ചേർത്തിരിക്കുന്നു.

1. **തീറ്റപ്പുൽകൃഷി വികസന പദ്ധതി**

   തീറ്റച്ചെലവ് കുറച്ച് പാലുല്പാദനം ലാഭകരമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് ക്ഷീര കർഷകർക്ക് തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് ധനസഹായം അനുവദിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഇത്.

2. **കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി.**

   ക്ഷീര സംഘങ്ങളിൽ പാലൊഴിക്കുന്ന കർഷകർക്ക് അവർ സംഘത്തിൽ ഒഴിക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റക്ക് സബ്സിഡി അനുവദിക്കുന്നു.

3. **മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം. (M.S.D.P.)**

   കൂടുതൽ പേരെ ക്ഷീര മേഖലയിലേക്ക് ആകർഷിക്കുന്നതിനായി ഡയറി യൂണിറ്റുകൾ തുടങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ് ഇത്.

4. **ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണം.**

   ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ഉദ്ദേശിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഇത്.

5. **ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം.**

   സംസ്ഥാനത്ത് ഉൽപാദിപ്പിക്കപ്പെടുകയും വിതരണം ചെയ്യപ്പെടുന്നതുമായ പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ട

പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഇത്.

6. **റൂറൽ ഡയറി എക്സ്റ്റൻഷൻ & അഡ്വൈസറി സർവ്വീസ്. (RDE & AS)**

ഗ്രാമീണ മേഖലയിൽ പശുവളർത്തലിനെക്കുറിച്ചുള്ള അവബോധം സൃഷ്ടിച്ച് കൂടുതൽ പേരെ ഈ രംഗത്തേക്ക് ആകർഷിക്കുന്നതിനും പശു വളർത്തലിന്റെ നൂതന ആശയങ്ങൾ ഗ്രാമീണ മേഖലയിലെ കർഷകരിൽ എത്തിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതി.

കൂടാതെ കേന്ദ്ര പദ്ധതികളായ ഇന്റൻസീവ് ഡയറി ഡെവലപ്പ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ് എന്നീ പദ്ധതികളും സംസ്ഥാനത്ത് മിൽമ വഴി നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.